വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും

19 -10 -2020

കേരള പാഠാവലി- X

വിശ്വരൂപം - 03

- മുൻ ക്ലാസിന്റെ തുടർച്ച എന്ന നിലയിൽ വരുന്ന കഥാസന്ദർഭം ഓർമ്മപ്പെടുത്തിക്കൊണ്ട് ക്ലാസ് ആരംഭിച്ചു.

- ന്യൂയോർക്കിൽ മാഡം തലത്ത് താമസിച്ചിരുന്ന വീടിനു മുന്നിലെ പാർക്കിൽ വെയിൽ കായാൻ എത്താറുള്ള വൃദ്ധൻ പറയുന്ന വാക്കുകൾ വായിച്ചു കൊണ്ട് പാശ്ചാത്യ-പൗരസ്ത്യ സംസ്കാരങ്ങളെ താരതമ്യത്തിന് വിധേയമാക്കി.

■ മാഡം ഒന്നു ചോദിക്കട്ടെ നിങ്ങൾ ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെ പോലെ വിചാരിക്കുന്നു എന്ന് കേട്ടിട്ടുണ്ട്. അത് ശരിയാണോ. ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം.

- കുടുംബ ബന്ധങ്ങൾക്ക് നൽകുന്ന മഹത്വം, അച്ഛനമ്മമാരെ സ്നേഹിക്കേണ്ടതും സംരക്ഷിക്കേണ്ടതും തങ്ങളുടെ ഉത്തരവാദിത്വമാണ് എന്ന മനോഭാവം ഇവ ഭാരതീയ സംസ്കാരത്തിന്റെ മേന്മകളാണ്. പാശ്ചാത്യ സംസ്കാരത്തിൽ ഇത്തരം കടമകളും മൂല്യങ്ങളും പ്രധാനപ്പെട്ടതല്ല.

■ മക്കളുടെ ചെലവിൽ കഴിയുന്നത് കുറച്ചിലായി കരുതുന്നവരാണ് അമേരിക്കക്കാർ.
ഇതിന് ഉദാഹരണമായി
എം മുകുന്ദന്റെ അനുഭവം പങ്കു വെച്ചു.

- സ്വന്തം അച്ചനമ്മമാരെയും മക്കളെയും തന്നോട് ചേർത്ത് പിടിച്ച് സ്നേഹിക്കാൻ പറ്റാതായതിന്റെ കുറ്റബോധം, മാഡം തലത്തിൽ പ്രകടമാകുന്ന കഥാസന്ദർഭങ്ങൾ ചൂണ്ടിക്കാട്ടി.

■ എന്റെ അച്ഛനമ്മമാരെ കുറിച്ച് ഞാൻ വിചാരിച്ചിട്ടില്ല. അവസാന കാലത്ത് തുടരെത്തുടരെ അമ്മ എഴുതിയിട്ടും നാട്ടിൽ വന്നില്ല.

■ കൊടുത്തത് മാത്രമേ നേടാനൊക്കൂ. ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ.

■ തിരിച്ചറിവിനാൽ സ്വന്തം തെറ്റുകൾ ഏറ്റുപറയുകയും അതിൽ പശ്ചാത്തപിക്കുകയും ചെയ്യുന്ന മാഡം. തലത്ത്.

- മക്കൾ വിളിച്ചിട്ടും അവരുടെ കൂടെ മാഡം. തലത്ത് പോകുന്നില്ല. അതിന് സുധീർ കണ്ടെത്തുന്ന കാരണങ്ങൾ അവരുടെ സ്ഥൈര്യത്തെ സൂചിപ്പിക്കുന്നവയാണ്.

■ ആരുടെയും ആശ്രിതയാകാൻ അവർ ആഗ്രഹിക്കുന്നില്ല.

■ മക്കളുടെ ക്ഷണം ഒരു കടമ നിറവേറ്റൽ മാത്രമാണെന്ന് അവർക്ക് അറിയാം.

■ ഒരു പ്രൗഢ വനിതയായി തന്നെ ജീവിക്കണം എന്നതാണ് അവരുടെ ഇഷ്ടം.

■ താൻ നൽകാത്ത സ്നേഹം മക്കളിൽ നിന്നും അവർ തിരിച്ചു പ്രതീക്ഷിക്കുന്നില്ല.

■ ഞാനായി തന്നെ മരിക്കട്ടെ. ഒരു ബന്ധവും വേണ്ട - എന്നതാണ് അവരുടെ നിലപാട്.

- മാഡം തലത്തിനെ സുധീർ വാക്കുകൾക്കൊണ്ട് ആശ്വസിപ്പിക്കുന്ന ഭാഗം വിശദീകരിച്ചു.

■കാലത്തിനും ദേശത്തിനും അനുസരിച്ച് രൂപപ്പെട്ട ജീവിതമാണ് മാഡം തലത്തിന്റേത്.

■ മിസ്റ്റർ തലത്തിന് വേണ്ടി രൂപപ്പെടുത്തിയതായിരുന്നു അവരുടെ ജീവിതം.

■ മിസ്റ്റർ തലത്ത് അവരെ കുറിച്ച് പറഞ്ഞ വാക്കുകൾ മാഡം. തലത്തിന്റെ വിദേശ ജീവിത രീതിയെ പ്രകീർത്തിക്കും വിധമായിരുന്നു.

■ "ഡോളി ഇല്ലെങ്കിൽ ഞാൻ വെറും നിഴൽ ആയേനേ . സങ്കീർണ്ണമായ പ്രശ്നങ്ങളെല്ലാം അവളുടെ ഒരു ചിരിയിൽ മാഞ്ഞു പോകുന്നു. യഥാർത്ഥ നയതന്ത്ര പ്രതിനിധി അവളാണ്."

- കഥയിലെ ഏറ്റവും സുപ്രധാനമായ മുഹൂർത്തം എന്ന നിലയിൽ മാഡം തലത്ത എന്ന ലേഡിയിൽ  നിന്നും താഴത്ത് കുഞ്ഞിക്കുട്ടിയമ്മ എന്ന മാതൃഭാവത്തിലേക്കുള്ള കഥാപാത്രത്തിന്റെ രൂപാന്തരത്തെ ചൂണ്ടിക്കാട്ടി.

■ ഇത് അമ്മയാണ് , താഴത്ത് കുഞ്ഞിക്കുട്ടിയമ്മ.

- കഥയുടെ ഒടുക്കത്തിൽ മാഡം തലത്ത്, നിന്റെ ഭാര്യയാകാൻ പോകുന്ന ആളോട് പറയണം എന്ന നിലയിൽ  സുധീറിന് നൽകുന്ന ഉപദേശത്തിന്റെ പൊരുൾ വിശദമാക്കി.

■ മക്കളെ ബോഡിങ്ങിൽ ചേർക്കരുത് - അമ്മമാർ തന്നെ വളർത്തണം - ശാസിക്കുകയും ലാളിക്കുകയും വേണം - എങ്കിലേ മക്കൾ അമ്മയുടെ ഭാഗവും അമ്മ മക്കളുടെ ഭാഗവും ആകൂ.

■ ജീവിതാനുഭവങ്ങളിൽ നിന്നും അവർ ഉൾക്കൊണ്ട പാഠം ബന്ധങ്ങളുടെ പ്രാധാന്യത്തെ വ്യക്തമാക്കുന്നതാണ്.

- ◆ പാഠഭാഗവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന തുടർ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുകയും ആവശ്യമായ വിശദീകരണങ്ങൾ നൽകുകയും ചെയ്യു.

▶ ചർച്ചാ കുറിപ്പ് :

സ്ത്രീത്വത്തിന്റെ വിശ്വരൂപം ആണോ ഈ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത് ?

മാഡം തലത്ത് എന്ന കഥാപാത്രത്തിന്റെ ജീവിത സാഹചര്യങ്ങളെ കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

▶ പ്രതികരണ കുറിപ്പ്:

ഞാൻ ഇന്ത്യയിൽ ജനിക്കാൻ ആഗ്രഹിക്കുന്നു മാഡം. ഇന്ത്യ എന്തു നല്ല നാടാണ്.

വൃദ്ധന്റെ ഈ വാക്കുകൾ വിശകലനം ചെയ്തു കൊണ്ട് നിങ്ങളുടെ പ്രതികരണം കുറിക്കുക.

[എന്തുകൊണ്ടാണ് ആ വൃദ്ധൻ ഇപ്രകാരം പറഞ്ഞത് ]

▶ ആസ്വാദനക്കുറിപ്പ് :

വിശ്വരൂപം എന്ന കഥയുടെ സമകാലിക പ്രസക്തി വിലയിരുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

■ കേന്ദ്രാശയം : മാതൃത്വത്തിന്റെ മഹത്വം

■ ക്ലൈമാക്സ് : മാഡം തല ത്ത് സുധീറിന് നൽകുന്ന ഉപദേശം, [ ഭാര്യയാകാൻ പോകുന്ന സ്ത്രീയോട് പറയാൻ ]

■ മാഡം. തലത്തിൽ നിന്നും താഴത്ത് കുഞ്ഞിക്കുട്ടിയമ്മയിലേക്കുള്ള മാറ്റത്തിന് കാരണങ്ങളാകുന്ന സംഭവ വികാസങ്ങളും ചിന്തകളും.

■ സമകാലിക പ്രസക്തി - മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധ രക്ഷിതാക്കളുടെ എണ്ണം വർദ്ധിക്കുന്നത്. അതിനെതിരെയുള്ള ആലോചന.

▶ അർത്ഥ വ്യത്യാസം :

അയാൾ ഓർത്തു പോയി
അയാൾ അവിടെ നിന്നും പോയി

രണ്ടു വാക്യത്തിലെയും  പോയി എന്ന പദത്തിന്റെ അർത്ഥം കണ്ടെത്തുക?

- അനുപ്രയോഗം എന്താണ് എന്ന്  വിശദീകരിച്ചു.

■ആദ്യത്തെ വാക്യത്തിൽ പോയി എന്ന പദം പോവുക എന്ന അർത്ഥത്തിൽ അല്ല പ്രയോഗിക്കുന്നത്.
പകരം ഓർത്തു എന്ന ക്രിയാപദത്തിന്റെ  അർത്ഥത്തെ പരിഷ്കരിക്കാനുള്ള  ഒരു പദമായിട്ടാണ് അത് പ്രവർത്തിക്കുന്നത്.

- ഇത്തരം പദങ്ങളെ (പ്രയോഗങ്ങളെ ) അനുപ്രയോഗങ്ങൾ, സഹായ ക്രിയകൾ എന്നിങ്ങനെ വിളിക്കുന്നു.

■രണ്ടാമത്തെ വാക്യത്തിൽ പോയി എന്ന പദം പോവുക എന്ന അർത്ഥത്തിൽ തന്നെയാണ് പ്രയോഗിച്ചിട്ടുള്ളത്.

ക്രിയാ ധർമ്മത്തെ സൂചിപ്പിക്കുന്ന അർത്ഥത്തെ വിട്ട് തൊട്ടു മുന്നിലുള്ള ക്രിയയുടെ അർത്ഥത്തെ പരിഷ്കരിക്കുന്ന പദങ്ങളാണ് അനുപ്രയോഗങ്ങൾ.

- ഉദാ :

■കള്ളൻ ഓടിക്കളഞ്ഞു
■ഞാൻ പറഞ്ഞു നോക്കി

■നോക്കി , കളഞ്ഞു എന്നീ പദങ്ങൾ ഇവിടെ അനുപയോഗങ്ങളാണ്.